"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

നികുതി വകുപ്പ് - സംസ്ഥാന ഭാഗ്യക്കുറി വകുപ്പ് - ക്ലർക്ക്, ടൈപ്പിസ്റ്റ്, ഹെഡ് ക്ലർക്ക്, ജൂനിയർ സൂപ്രണ്ട് തസ്തികകളുടെ പുനർവിന്യാസം - അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**നികുതി (എച്ച്) വകുപ്പ്**

സ.ഉ.(സാധാ) നം.252/2025/TAXES തീയതി,തിരുവനന്തപുരം, 19-03-2025

---

പരാമർശം:- സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടറുടെ 04.12.2023, 25.02.2025 എന്നീ തീയതികളിലെ SLTY/6081/2023-E2 നമ്പർ കത്ത്

**ഉത്തരവ്**

സംസ്ഥാനത്ത് പ്രതിവാര ഭാഗ്യക്കുറികളുടെ വില്പനയിലുള്ള വർദ്ധനവ്, നേരിട്ട് ഓഫീസിലെത്തി ടിക്കറ്റ് എടുക്കുന്ന ഏജന്റുമാരുടെ എണ്ണത്തിലുണ്ടായ വർദ്ധനവ്, സമ്മാന ഘടന പരിഷ്കരിച്ചപ്പോൾ സമ്മാന ടിക്കറ്റുകളുടെ എണ്ണത്തിലുണ്ടായ വർദ്ധനവ് എന്നിവ മൂലം പ്രതിവാര/ബമ്പർ ഭാഗ്യക്കുറികളുടെ വില്പന വലിയ തോതിൽ വർദ്ധിച്ചിട്ടുണ്ടെന്നും അതിനാൽ ജില്ലാ/സബ് ഭാഗ്യക്കുറി ഓഫീസുകളിൽ നിയന്ത്രണാതീതമായ തിരക്കുണ്ടാകുന്നുവെന്നും ഓഫീസുകളിൽ എത്തുന്നവർക്ക് സമയബന്ധിതമായി സേവനം നല്കാൻ സാധിക്കാതെ വരുന്നുണ്ടെന്നും ഓഫീസ് പ്രവർത്തനത്തിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും കൃത്യവും സമയബന്ധിതവുമായ സേവനം പൊതുജനങ്ങൾക്കും ഏജന്റുമാർക്കും ലഭ്യമാകുന്നുണ്ട് എന്ന് ഉറപ്പു വരുത്തുന്നതിനുമായി, ഓഫീസുകളുടെ പ്രവർത്തനത്തെ പരമാവധി ബാധിക്കാത്ത തരത്തിൽ വിവിധ ഭാഗ്യക്കുറി ഓഫീസുകളിലെ ക്ലാർക്ക്, ടൈപ്പിസ്റ്റ്, ഹെഡ് ക്ലാർക്ക്, ജൂനിയർ സൂപ്രണ്ട് തസ്തികകളിലെ ജീവനക്കാരുടെ പുനർവിന്യാസം നടത്താവുന്നതാണെന്ന് പരാമർശം പ്രകാരം സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടർ ശിപാർശ ചെയ്തിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പൊതുജനങ്ങൾക്ക് സമയബന്ധിതവും കാര്യക്ഷമവുമായ സേവനം ഉറപ്പു വരുത്തുന്നതിനായി, സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടർ ലഭ്യമാക്കിയ ശിപാർശയുടെ അടിസ്ഥാനത്തിൽ സംസ്ഥാന ഭാഗ്യക്കുറി വകുപ്പിലെ ക്ലർക്ക്, ടൈപ്പിസ്റ്റ്, ഹെഡ് ക്ലർക്ക്, ജൂനിയർ സൂപ്രണ്ട് തസ്തികകൾ അനുബന്ധമായി ചേർത്തിട്ടുള്ള പട്ടികയിലേതു പ്രകാരം പുനർവിന്യാസം ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

3. ആവശ്യമായ തുടർനടപടികൾ സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടർ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
വന്ദന എസ് കെ എ എസ്
അണ്ടർ സെക്രട്ടറി

1. സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടർ, തിരുവനന്തപുരം
2. നോഡൽ ഓഫീസർ, സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടറേറ്റ്, തിരുവനന്തപുരം (വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
3. വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
4. കരുതൽ ഫയൽ (TAXES-H1/324/2023-TAXES)

ഉത്തരവിൻ പ്രകാരം
Signed by
Babu. G
Date: 19-03-2025 16:35:41
സെക്ഷൻ ഓഫീസർ

പകർപ്പ് :- ബഹു.ധനകാര്യ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്

<u>അനുബന്ധം</u>

<u>ക്ലർക്ക് തസ്തികയുടെ പുനർവിന്യാസം</u>

| ക്രമ നം. | ഓഫീസ് | നിലവിലെ ക്ലർക്ക് തസ്തികകളുടെ എണ്ണം | പുനർ വിന്യാസം നടത്തുന്ന തസ്തികകളുടെ എണ്ണം | പുനർവിന്യാസം നടത്തുന്ന ഓഫീസ് |
|---|---|---|---|---|
| 1 | ജില്ലാ ഭാഗ്യക്കുറി ഓഫീസ്, തിരുവനന്തപുരം | 12 | 3 | ഭാഗ്യക്കുറി സബ് ഓഫീസ്, ആറ്റിങ്ങൽ-1<br><br>ഭാഗ്യക്കുറി സബ് ഓഫീസ്, നെയ്യാറ്റിൻകര-2 |
| 2 | ജില്ലാ ഭാഗ്യക്കുറി ഓഫീസ്, കൊല്ലം | 10 | 1 | ഭാഗ്യക്കുറി സബ് ഓഫീസ്, പുനലൂർ-1 |
| 3 | ജില്ലാ ഭാഗ്യക്കുറി ഓഫീസ്, പത്തനംതിട്ട | 7 | 1 | ഭാഗ്യക്കുറി സബ് ഓഫീസ്, അടൂർ-1 |
| 4 | ജില്ലാ ഭാഗ്യക്കുറി ഓഫീസ്, ആലപ്പുഴ | 11 | 3 | ഭാഗ്യക്കുറി സബ് ഓഫീസ്, കരുനാഗപ്പള്ളി-1<br><br>ഭാഗ്യക്കുറി സബ് ഓഫീസ്, കായംകുളം-1<br><br>ഭാഗ്യക്കുറി സബ് ഓഫീസ്, ചേർത്തല-1 |
| 5 | ജില്ലാ ഭാഗ്യക്കുറി ഓഫീസ്, കോട്ടയം | 10 | 1 | ഭാഗ്യക്കുറി സബ് ഓഫീസ്, വൈക്കം-1 |
| | | | | ഭാഗ്യക്കുറി സബ് |

| | | | | |
|---|---|---|---|---|
| 6 | ജില്ലാ ഭാഗ്യക്കുറി ഓഫീസ്, ഇടുക്കി | 8 | 2 | ഓഫീസ്, അടിമാലി-1<br><br>ഭാഗ്യക്കുറി സബ് ഓഫീസ്, കട്ടപ്പന-1 |
| 7 | ജില്ലാ ഭാഗ്യക്കുറി ഓഫീസ്, എറണാകുളം | 12 | 1 | ഭാഗ്യക്കുറി സബ് ഓഫീസ്, മൂവാറ്റുപുഴ-1 |
| 8 | ജില്ലാ ഭാഗ്യക്കുറി ഓഫീസ്, തൃശ്ശൂർ | 11 | 3 | ഭാഗ്യക്കുറി സബ് ഓഫീസ്, ഇരിങ്ങാലക്കുട-1<br><br>ഭാഗ്യക്കുറി സബ് ഓഫീസ്, ഗുരുവായൂർ-2 |
| 9 | ജില്ലാ ഭാഗ്യക്കുറി ഓഫീസ്, പാലക്കാട് | 12 | 2 | ഭാഗ്യക്കുറി സബ് ഓഫീസ്, ചിറ്റൂർ-1<br><br>ഭാഗ്യക്കുറി സബ് ഓഫീസ്, പട്ടാമ്പി-1 |
| 10 | ജില്ലാ ഭാഗ്യക്കുറി ഓഫീസ്, കോഴിക്കോട് | 9 | 2 | ഭാഗ്യക്കുറി സബ് ഓഫീസ്, വടകര-1<br><br>ഭാഗ്യക്കുറി സബ് ഓഫീസ്, തിരൂർ-1 |
| 11 | ജില്ലാ ഭാഗ്യക്കുറി ഓഫീസ്, കണ്ണൂർ | 11 | 4 | ജില്ലാ ഭാഗ്യക്കുറി ഓഫീസ്, വയനാട്-1<br><br>ഭാഗ്യക്കുറി സബ് ഓഫീസ്, പയ്യന്നൂർ-1<br><br>ഭാഗ്യക്കുറി സബ് ഓഫീസ്, ചിറ്റൂർ-1<br><br>ഭാഗ്യക്കുറി സബ് |

| | | | | |
|---|---|---|---|---|
| | | | | ഓഫീസ്, പട്ടാമ്പി-1 |
| 12 | മേഖലാ ഭാഗ്യക്കുറി ജോയിന്റ് ഡയറക്ടറേറ്റ്, എറണാകുളം | 4 | 1 | ഭാഗ്യക്കുറി സബ് ഓഫീസ്, ഇരിങ്ങാലക്കുട-1 |

<u>ടൈപ്പിസ്റ്റ് തസ്തികയുടെ പുനർവിന്യാസം</u>

| ക്രമ നം. | ഓഫീസ് | നിലവിലെ ടൈപ്പിസ്റ്റ് തസ്തികകളുടെ എണ്ണം | പുനർ വിന്യാസം നടത്തുന്ന തസ്തികകളുടെ എണ്ണം | പുനർവിന്യാസം നടത്തുന്ന ഓഫീസ് |
|---|---|---|---|---|
| 1 | സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടറേറ്റ്, തിരുവനന്തപുരം | 6 | 2 | ജില്ലാ ഭാഗ്യക്കുറി ഓഫീസ്, വയനാട്-1<br><br>ജില്ലാ ഭാഗ്യക്കുറി ഓഫീസ്, കാസറഗോഡ്-1 |

<u>ഹെഡ് ക്ലർക്ക് തസ്തികയുടെ പുനർവിന്യാസം</u>

| ക്രമ നം. | ഓഫീസ് | നിലവിലെ തസ്തികകളുടെ എണ്ണം | പുനർവിന്യാസം നടത്തുന്ന തസ്തികകളുടെ എണ്ണം | പുനർവിന്യാസം നടത്തുന്ന ഓഫീസ് |
|---|---|---|---|---|
| 1 | സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടറേറ്റ്, തിരുവനന്തപുരം | 1 | 1 | ജില്ലാ ഭാഗ്യക്കുറി ഓഫീസ്, കൊല്ലം-1 |
| 2 | മേഖലാ ഭാഗ്യക്കുറി ജോയിന്റ് ഡയറക്ടറേറ്റ്, എറണാകുളം | 2 | 1 | ജില്ലാ ഭാഗ്യക്കുറി ഓഫീസ്, കോട്ടയം-1 |

<u>ജൂനിയർ സൂപ്രണ്ട് തസ്തികയുടെ പുനർവിന്യാസം</u>

| ക്രമ നം. | ഓഫീസ് | നിലവിലെ തസ്തികകളുടെ എണ്ണം | പുനർവിന്യാസം നടത്തുന്ന തസ്തികകളുടെ എണ്ണം | പുനർവിന്യാസം നടത്തുന്ന ഓഫീസ് |
|---|---|---|---|---|
| 1 | ജില്ലാ ഭാഗ്യക്കുറി ഓഫീസ്, കൊല്ലം | 3 | 1 | സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടറേറ്റ്, തിരുവനന്തപുരം-1 |
| 2 | ജില്ലാ ഭാഗ്യക്കുറി ഓഫീസ്, കോട്ടയം | 3 | 1 | മേഖലാ ഭാഗ്യക്കുറി ജോയിന്റ് ഡയറക്ടറേറ്റ്, എറണാകുളം-1 |